21

2

**വിവരാവകാശ നിയമം 2005/ മറുപടി**

നമ്പർ: E5-10117/17.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
തീയതി : 18.1.2017

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ.

ശ്രീ. സുബൈർ അഹമ്മദ് സി.പി.എം,
സീനിയർ ക്ലർക്ക്,
ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസ്,
അയ്യന്തോൾ, തൃശൂർ - 680003.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 13.1.17ലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിയ്ക്കുന്നു. ശ്രീ.കെ.കെ.വിനയൻ, റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ ടിയാന്റെ ഭാഗം ബോധിപ്പിക്കുന്ന കത്ത് വകുപ്പിനു കീഴിലെ ഏതെല്ലാം കാര്യാലയങ്ങളിലെ ഒഫീഷ്യൽ മെയിലിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട് എന്ന വിവരം ഈ കാര്യാലയത്തിൽ ലഭ്യമല്ല. പ്രസ്തുത വിവരം താങ്കൾക്ക് നേരിട്ട് നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് എറണാകുളം മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കെ.കെ.വിനയൻ, റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ള കത്തിൽ 8 പേജുകളാണ് ഉള്ളത്. ഒരു പേജിന് 2/- രൂപ നിരക്കിൽ 8 പേജുകൾക്ക് 16/-രൂപ 0070-60-118-99-receipts RTI എന്ന ശീർഷകത്തിൽ ട്രഷറിയിലൊടുക്കി അസൽ ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് ആയവയുടെ പകർപ്പുകൾ നൽകുന്നതാണ്.

മറുപടി സംബന്ധിച്ച് താങ്കൾക്ക് ആക്ഷേപമുള്ള പക്ഷം ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം ചുവടെ ചേർക്കുന്ന വിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

**അപ്പലേറ്റ് അതോറിറ്റി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം.**

വിശ്വസ്തതയോടെ,
18/1/17
ബി. സാബു
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്

പകർപ്പ്:- സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
മേഖലാ അസി.ഡയറക്ടറുടെ കാര്യാലയം, എറണാകുളം.

(അപേക്ഷകൻ ആവശ്യപ്പെട്ട വിവരം ടിയാന് നേരിട്ട് നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു.)

ബ@17